## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5557 04.07.2013-ലെ മറുപടിക്ക്

## രാഷ്ട്രീയ സ്വാസ്ഥ്യബീമായോജന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:<br>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. സി. മോയിൻകുട്ടി | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയിൻ കീഴിൽ ഈ വർഷം ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശം നല്കാമോ ; | (എ) സമൂഹത്തിൽ പാർശ്വവത്കൃതരായവർക്ക് ആരോഗ്യ സംരക്ഷണത്തോടൊപ്പം സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്നതിനു വേണ്ടി 2008 ൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ). ഈ പദ്ധതി പ്രകാരം പ്ലാനിംഗ് കമ്മീഷന്റെ ബി.പി.എൽ പട്ടികയിൽപ്പെട്ടവർ, മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ കുറഞ്ഞത് 15 ദിവസമെങ്കിലും ജോലി ചെയ്തവർ, ബീഡി തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, വഴിയോര കച്ചവടക്കാർ മുതലായവരുടെ കുടുംബത്തിലെ പരമാവധി അഞ്ച് അംഗങ്ങൾക്ക് ഒരു വർഷം 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപ വരെ ചികിത്സാ ആനുകൂല്യം ലഭിക്കുന്നു. കേരളത്തിൽ 20 ലക്ഷത്തോളം കുടുംബങ്ങൾ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ഇൻഷുറൻസ് പ്രീമിയത്തിന്റെ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും സംയുക്തമായാണ് വഹിക്കുന്നത്. |
| (ബി) ഇതിനായി എന്തു തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; എന്തു തുക ലഭിച്ചിട്ടുണ്ട്? | (ബി) സംസ്ഥാന വിഹിതം 34 കോടി രൂപയും കേന്ദ്ര വിഹിതം 114 കോടി രൂപയും ഉൾപ്പെടെ 148 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. സംസ്ഥാന വിഹിതമായ 11.18 കോടി രൂപ നൽകിയിട്ടുണ്ട്. |

Deepa

സെക്ഷൻ ഓഫീസർ